
1. **എന്താണ് ഇ-സ്റ്റാമ്പ്**

ഇ-സ്റ്റാമ്പ് എന്നത് നോൺ-ജുഡീഷ്യൽ മുദ്രയുടെ വില ഒടുക്കുന്നതിനുള്ള ഒരു കമ്പ്യൂട്ടർ അധിഷ്ഠിത മാർഗമാണ്. കമ്പ്യൂട്ടർ മുഖേനെ ജനറേറ്റ് ചെയ്യുന്ന ഒരു ഇ-സ്റ്റാമ്പിന്റെ മാതൃക താഴെ കൊടുക്കുന്നു. ആവശ്യമായ വിവരങ്ങൾ കൊടുത്ത് ജനറേറ്റ് ചെയ്യുന്ന ഇ-സ്റ്റാമ്പിന്റെ ഒരു പ്രിന്റൗട്ട് എടുത്ത് ഒരു സാധാരണ സ്റ്റാമ്പ് പേപ്പർ ഉപയോഗിക്കുന്നതുപോലെ ഉപയോഗിക്കാവുന്നതാണ്.


നോൺ ജുഡീഷ്യൽ NON JUDICIAL

കേരള സർക്കാർ
GOVERNMENT OF KERALA

Unique Stamp (GRN) No : KL00000434720171 8E
Department Reference No : 620TJ556101
Nature of Instrument : [illegible]
Value of Instrument : Rs 1,00,000/- (One Lakh Rupees Only)
Amount of Stamp duty paid : Rs 8,200/- (Eight Thousand Two Hundred Rupees Only)
Payment Date & Time : 02/04/2017, 03:39 PM
Name and Address of Payee : JYOTHI KUMAR M
JYOTHIS VENGODI,VENGODI
Palakkad
PIN 678622
Mob No: 9447361207

Please write or type below this line.

*The authenticity of this document can be verified by scanning this QR Code through smart phone or the website*

2. **ഇ-സ്റ്റാമ്പിന്റെ സവിശേഷതകൾ എന്തെല്ലാം?**

1. ഇ-സ്റ്റാമ്പ് നിമിഷങ്ങൾക്കകം ജനറേറ്റ് ചെയ്യാം.
2. ഇ-സ്റ്റാമ്പിന്റെ ആധികാരികത വെബ്സൈറ്റിലൂടെ ആർക്കും പരിശോധിക്കാം.
3. ഓരോ ഇ-സ്റ്റാമ്പിനും ഒരു വ്യതിരിക്ത തിരിച്ചറിയൽ നമ്പർ ഉണ്ടായിരിക്കും (Unique Stamp (GRN) Number)
4. ഏത് തുകക്കുള്ള സ്റ്റാമ്പും ജനറേറ്റ് ചെയ്യാം

3. **എന്താണ് യുണിക് സ്റ്റാമ്പ് നമ്പർ (ജി.ആർ.എൻ. നമ്പർ) ?**

Unique Stamp Number (GRN Number) എന്നത് ഓരോ ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുമ്പോഴും അതോടൊപ്പം കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്ന ഒരു തിരിച്ചറിയൽ നമ്പർ ആണ്. ഈ നമ്പർ അറിഞ്ഞാൽ സ്റ്റാമ്പിന്റെ ആധികാരികത, അത് ഉപയോഗിച്ചു കഴിഞ്ഞതാണോ, റദ്ദാക്കിയതാണോ തുടങ്ങിയ വിവരങ്ങൾ വെബ് സൈറ്റിലൂടെ ആർക്കും അറിയാൻ സാധിക്കും.

4. **ഇ-സ്റ്റാമ്പിന്റെ ആധികാരികത എങ്ങനെ പരിശോധിക്കാം?**
സ്റ്റാമ്പിൽ കാണുന്ന ക്യു.ആർ.കോഡ് ഒരു മൊബൈൽ ഡിവൈസ് വഴി സ്കാൻ ചെയ്യുകയോ രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമായ ലിങ്ക് വഴി Unique Number (GRN Number) എന്റർ ചെയ്ത് കൊടുക്കുകയോ ചെയ്താൽ സ്റ്റാമ്പിന്റെ ഔദ്യോഗിക വിവരങ്ങൾ ലഭ്യമാകുന്നതാണ്.

5.**ആധാരം തയ്യാറാക്കേണ്ട ആവശ്യത്തിലേക്കായി എങ്ങനെ ഒരു ഇ-സ്റ്റാമ്പ് ലഭ്യമാകും ?**
ഇ-സ്റ്റാമ്പ് ലഭിക്കുന്നതിനായി രജിസ്ട്രേൻ ഔദ്യോഗിക വെബ്സൈറ്റിലൂടെ ആധാര വിവരങ്ങൾ കൊടുത്തു കഴിയുമ്പോൾ പ്രസ്തുത ആധാരത്തിന് ഒടുക്കേണ്ട സ്റ്റാമ്പ്, ഫീസ് വിവരങ്ങൾ സ്ക്രീനിൽ കാണുന്നതാണ്. ആവശ്യമെങ്കിൽ അത് എഡിറ്റ് ചെയ്ത് ശരിയായ തുക ചേർത്തുകഴിയുമ്പോൾ തുക ഒടുക്കുന്ന രീതി സെലക്ട് ചെയ്യാൻ സാധിക്കും. നെറ്റ് ബാങ്കിംഗ് വഴിയോ ഇ-ചലാൻ വഴി ട്രഷറി മുഖേനെയോ തുക ഒടുക്കാവുന്നതാണ്. തുക ഒടുക്കിയ വിവരം ആധാര വിവരങ്ങളോടൊപ്പം ചേർത്തുകഴിയുമ്പോൾ ഇ-സ്റ്റാമ്പ് പ്രിന്റ് ചെയ്യാൻ സാധിക്കും. ഇങ്ങനെ പ്രിന്റ് എടുക്കുന്ന പേപ്പർ സാധാരണ സ്റ്റാമ്പ് പേപ്പർ പോലെ ആധാരം തയ്യാറാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

6.**രജിസ്ട്രേഷൻ ആവശ്യങ്ങൾക്കല്ലാത്ത മറ്റ് ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നത് എങ്ങനെയാണ്?**
ആധാര രജിസ്ട്രേഷനല്ലാത്ത ആവശ്യങ്ങൾക്കായി ഇ-സ്റ്റാമ്പ് മാത്രമായി എടുക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമല്ല.

7.**ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നതിനായി ഏതൊക്കെ വിധത്തിൽ തുക ഒടുക്കാം?**

രജിസ്ട്രേഷൻ വെബ്സൈറ്റ് മുഖേനെ ആധാര വിവരങ്ങൾ ചേർത്തതിനുശേഷം ഹോം സ്ക്രീനിൽ കാണുന്ന ഓൺലൈൻ പെയ്മെന്റ് ലിങ്ക് വഴി നെറ്റ്ബാങ്കിംഗിലൂടെയോ ഇ-ചലാൻ പ്രിന്റ് ചെയ്ത് ട്രഷറിയിൽ നേരിട്ട് പണമായോ ഡിമാന്റ് ഡ്രാഫ്റ്റായോ പണമടക്കുന്നതുവഴിയോ മാത്രമേ ആദ്യഘട്ടത്തിൽ ഇ-സ്റ്റാമ്പ് ലഭിക്കുകയുള്ളൂ.

8. **ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്ത ശേഷം എനിക്ക് അത് റദ്ദാക്കാനാകുമോ?**

ഇല്ല. ഒരിക്കൽ ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്താൽ അത് ഉപയോഗിക്കാൻ ആഗ്രഹിക്കാത്ത പക്ഷം കേരള മുദ്രപത്ര നിയമം അനുശാസിക്കുന്ന വിധത്തിൽ റീഫണ്ടിനായി അപേക്ഷിക്കേണ്ടതാണ്.

**9. അന്യസംസ്ഥാനത്ത് നിന്ന് വാങ്ങിയ മുദ്രപത്രം സംസ്ഥാനത്ത് ഉപയോഗിക്കാമോ ?**

രജിസ്ട്രേഷൻ ആവശ്യത്തിനുള്ള മുദ്രപത്രങ്ങളാണ് ഇപ്പോൾ ഇ-സ്റ്റാമ്പ് ആയി ഉപയോഗിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. രജിസ്ട്രേഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ മാത്രമേ ആധാരം രജിസ്ട്രേഷനുവേണ്ടി ഹാജരാക്കാൻ സാധിക്കുകയുള്ളൂ. അതിലൂടെ സമർപ്പിക്കുമ്പോൾ ഇ-സ്റ്റാമ്പ് തന്നെ വേണമെന്നതിനാൽ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങിയ മുദ്രപത്രം കേരള സംസ്ഥാനത്ത് ഉപയോഗിക്കുവാൻ സാധിക്കുകയില്ല.

**10. ATM/Debit/Credit Card എന്നിവ ഉപയോഗിച്ച് ഇ-സ്റ്റാമ്പിനുള്ള തുക ഒടുക്കാനാകുമോ?**

നെറ്റ്ബാങ്കിംഗ് അല്ലെങ്കിൽ **ATM/Debit/Credit Card** മുഖേനെ ഇ-ട്രഷറി പോർട്ടൽ മുഖാന്തിരം തുക ഒടുക്കാൻ സാധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് etreasury.kerala.gov.in സന്ദർശിക്കുക.

**11. ഇ- സ്റ്റാമ്പിന് നിയമസാധുതയുണ്ടോ?**

ഉണ്ട്. ഒരു കരണത്തിന് ചുമത്തേണ്ട മുദ്ര ഏതൊക്കെ വിധത്തിലായിരിക്കാമെന്നത് സംബന്ധിച്ച് നിലവിലുള്ള നിയമത്തിലെ വകുപ്പുകളും ചട്ടങ്ങളും ഭേദഗതി ചെയ്ത് ഇ-സ്റ്റാമ്പ് ഉപയോഗിക്കുന്നത് നിയമവിധേയമാക്കിയിട്ടുണ്ട്.

**12. സാധാരണ മുദ്ര പ്രതത്തിലെഴുതിയ ആധാരം ഇ-സ്റ്റാമ്പിങ്ങ് നടപ്പിലായിക്കഴിഞ്ഞാലും 4 മാസത്തിനുള്ളിൽ ഹാജരാക്കി രജിസ്റ്റർ ചെയ്യാൻ കഴിയുമോ?**

എഴുതി ഒപ്പിട്ട ആധാരങ്ങൾ രജിസ്ട്രേഷൻ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഹാജരാക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ല.

**13. ഒരു ആവശ്യത്തിന് വാങ്ങിയ സ്റ്റാമ്പ് മറ്റൊന്നിന് ഉപയോഗിക്കാൻ കഴിയുമോ? ഉദാ: Partition deed ന് വേണ്ടി വാങ്ങിയ ഇ-സ്റ്റാമ്പ് Release Deed-ന് ഉപയോഗപ്പെടുത്താമോ?**

ഇല്ല. ആധാര വിവരങ്ങൾ ചേർത്ത് അതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന തുകക്കനുസൃതമായിട്ടാണ് ഇ-സ്റ്റാമ്പ് വാങ്ങുന്നത്. അപ്രകാരം വാങ്ങുന്ന ഇ-സ്റ്റാമ്പിൽ ആധാര വിവരങ്ങൾ കൂടി പ്രിന്റ് ചെയ്തു വരുന്നതാണ്. ആയതിനാൽ അവ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കില്ല.

**14. എത്ര രൂപയ്ക്ക് വേണമെങ്കിലും ഈ സ്റ്റാമ്പ് കിട്ടുമോ? വലിയ തുകയ്ക്കുള്ള സ്റ്റാമ്പ് ഒറ്റ സ്റ്റാമ്പ് ആയി ആണോ ലഭിക്കുന്നത്?**

ലഭിക്കും. ഏത് തുകക്കുള്ള ഇ-സ്റ്റാമ്പും ഒറ്റ സ്റ്റാമ്പ് ആയി തന്നെയാണ് ലഭിക്കുന്നത്.

**15. വാങ്ങിയ ഇ സ്റ്റാമ്പ് ഉപയോഗിക്കാതിരുന്നാൽ റീഫണ്ട് കിട്ടുമോ?**

ഉപയോഗിക്കാത്ത സ്റ്റാമ്പ് റീഫണ്ട് ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

**16. ഏത് തരം പേപ്പറിലാണ് ഇ-സ്റ്റാമ്പ് പ്രിന്റ് ചെയ്യേണ്ടത്?**

130 ജി.എസ്.എം-ൽ കുറയാത്ത കട്ടിയുള്ള വെള്ള കടലാസിൽ കളർ പ്രിൻറ് ചെയ്തെടുക്കുന്ന പേപ്പറിലാണ് കരണം തയ്യാറാക്കേണ്ടത്. ഈ ഷീറ്റിൽ മുദ്രവില ഒടുക്കിയ വിവരങ്ങളും പ്രിൻറ് ചെയ്ത് വരുന്നതാണ്.

**17.എന്താണ് GSM ?**

GSM എന്നാൽ Grams per Square Metre എന്നാണ്. പ്രിൻറ് ചെയ്യുവാനുദ്ദേശിക്കുന്ന കടലാസിന്റെ ഗുണനിലവാരത്തെയും കടലാസിന്റെ ഭാരത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. പൊതുവെ കടലാസുകൾ 55 GSM, 90 GSM,100 GSM,120 GSM, 140 GSM, 210 GSM, 250 GSM, 300 GSM എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. അക്കങ്ങളുടെ വർദ്ധനവിനനുസരിച്ച് കടലാസിൻറെ കനവും കൂടുതലായിരിക്കും.

**18. ഇ-സ്റ്റാമ്പിന്റെ വലിപ്പം എന്തായിരിക്കും? നിലവിൽ അനുവദിച്ച സ്കാനറുകളുടെ ഫീഡറിൽ കൂടി കടന്നു പോകുമോ?**

എ4 സൈസ് പേപ്പറിൽ പ്രിന്റ് ചെയ്യാവുന്ന തരത്തിലാണ് ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നത്. ആയതിനാൽ അത് സ്കാനറുകളിൽ ഉപയോഗിക്കുന്നതിന് തടസ്സമുണ്ടാവില്ല.

**19. ഇ-സ്റ്റാമ്പിംഗ് നടത്തുമ്പോൾ മുദ്ര പതിപ്പിച്ച പേപ്പറുകളാണോ ലഭിക്കുക? അങ്ങനെയെങ്കിൽ അതിലാണോ ആധാരം എഴുതേണ്ടത്?**

ഇ-സ്റ്റാമ്പ് എന്നത് മുദ്ര ഒടുക്കിയ വിവരങ്ങൾ കൂടി അടങ്ങിയതും ട്രഷറി വകുപ്പ് ജനറേറ്റ് ചെയ്യുന്നതുമായ ഒരു ഇലക്ട്രോണിക് രേഖയാണ്. ബന്ധപ്പെട്ട വ്യക്തികളാണ് അതിന്റെ പ്രിന്റ് എടുത്ത് ഉപയോഗിക്കേണ്ടത്. ഒറ്റ ഷീറ്റ് ആയി ലഭിക്കുന്ന പ്രസ്തുത പ്രിൻ്റൗട്ടിന്റെ താഴെയുള്ള ഭാഗത്ത് സാധാരണ രീതിയിൽ ആധാര വാചകങ്ങൾ എഴുതുകയോ പ്രിന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

**20. ഇ-സ്റ്റാമ്പ് ലഭിക്കുന്നത് ഏതെങ്കിലും വെണ്ടർ/ഏജൻസി വഴിയാണോ?**

അല്ല. ജനങ്ങൾക്ക് നേരിട്ട് രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഇ–സ്റ്റാമ്പ് വാങ്ങാവുന്നതാണ്. കൂടാതെ ഒരു ലക്ഷം രൂപ വരെയുള്ള ഇ–സ്റ്റാമ്പുകൾ അംഗീകൃത് സ്റ്റാമ്പ് വെണ്ടർ മുഖേന മാത്രമെ ലഭിക്കുകയുള്ളൂ.

**21. ഇ–സ്റ്റാമ്പിന്റെ കൃത്യത കക്ഷിക്ക് ഏതെങ്കിലും രീതിയിൽ ഉറപ്പാക്കാൻ പറ്റുമോ?**
കഴിയും. രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യേഗിക വെബ് സൈറ്റിലൂടെ ഇ–സ്റ്റാമ്പിന്റെ കൃത്യത ഉറപ്പാക്കാൻ ഏതു സമയത്തും ആർക്കും സാധിക്കുന്നതാണ്.

**22. എത്ര ചെറിയ തുകയ്ക്കും ഇ–സ്റ്റാമ്പിംഗ് നടത്താമോ?**
ആധാര രജിസ്ട്രേഷന ആവശ്യങ്ങൾക്കാി ഏത് തുകക്കുള്ള ഇ–സ്റ്റാമ്പും ലഭ്യമാകുന്നതാണ്.

**23. രജിസ്റ്റർ ചെയ്യേണ്ടതില്ലാത്ത കരണങ്ങൾ – ഉദാ: എഗ്രിമെന്റ്, നോട്ടറി അഫിഡവിറ്റ്, സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിവാഹ, ജനന/മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്കും ഇ–സ്റ്റാമ്പ് ഉപയോഗിക്കാമോ?**

രജിസ്ട്രേഷൻ ആവശ്യങ്ങൾക്കുള്ള മുദ്ര മാത്രമാണ് ആദ്യ ഘട്ടത്തിൽ ഇ–സ്റ്റാമ്പ് ആയി ലഭ്യമാക്കുന്നത്. മറ്റ് ആവശ്യങ്ങൾക്ക് നിലവിലുള്ള രീതി തുടരാവുന്നതാണ്.

**24. വർഷങ്ങളോളം സൂക്ഷിക്കപ്പെടേണ്ട ഇ–സ്റ്റാമ്പന്റെ പ്രിന്റ് മാഞ്ഞു പോയാൽ അതിന്റെ വിശ്വാസ്യത നഷ്ടപ്പെടില്ലേ?**

ഒരിക്കൽ അനുവദിച്ച ഇ–സ്റ്റാമ്പ് സംബന്ധിച്ച വിവരങ്ങൾ സെർവറിൽ ലഭ്യമാണ് എന്നതിനാൽ ഏത് സാഹചര്യത്തിലും അതിന്റെ വിശ്വാസ്യത ഉറപ്പുവരുത്താൻ സാധിക്കും.

**25. രജിസ്ട്രേഷന് ഹാജരാക്കിയ ആധാരത്തിന് അധികമായി മുദ്രവില ഈടാക്കേണ്ടതായി വന്നാൽ എന്ത് ചെയ്യണം?**
രജിസ്ട്രേഷന് ഹാജരാക്കിയ ആധാരത്തിന് താഴെ പറയുന്ന രണ്ട് സാഹചര്യങ്ങളിൽ അധിക മുദ്ര ആവശ്യമായി വരാം.

1. ആധാരത്തിന് അതിന്റെ സ്വഭാവത്തിന് അനുസരിച്ച് ആവശ്യമായ മുദ്ര ഇല്ലാത്ത സാഹചര്യം
2. ആധാരത്തിലെ വിവരണത്തിന് അനുസൃതമായ മുദ്ര ഉണ്ടായിരിക്കുകയും എന്നാൽ അതിലെ വസ്തുവിന്റെ ഫെയർ വാല്യൂ പ്രകാരം മുദ്ര കണക്കാക്കുമ്പോൾ ആവശ്യമായ മുദ്ര ഇല്ലാത്ത സാഹചര്യം.

ഇതിൽ ഒന്നാമത്തെ സാഹചര്യത്തിൽ കേരള മുദ്ര പത്ര നിയമം അനുശാസിക്കുന്ന രീതിയിൽ ആധാരം ഇമ്പൗണ്ട് ചെയ്യേണ്ടതാണ്. രണ്ടാമത്തെ സാഹചര്യത്തിൽ

അധിക മുദ്രവില ഈടാക്കാൻ സബ് രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം ട്രഷറിയിൽ തുക ഒടുക്കിയ ചെലാൻ സബ് രജിസ്ട്രാർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

**26. ഒട്ടുമുദ്രകൾ തുടർന്നും ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ**

ഒട്ടുമുദ്രകൾ ഉപയോഗിക്കാൻ നിയമപ്രകാരം അനുവാദമുള്ള കരണങ്ങൾക്ക് തുടർന്നും അത് ഉപയോഗിക്കാവുന്നതാണ്.

**27. ഇ-സ്റ്റാമ്പ് ആരാണ് issue ചെയ്യുന്നത്?**

രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ഇ-സ്റ്റാമ്പിന് അപേക്ഷിക്കുന്ന ഒരു വ്യക്തിക്ക് അദ്ദേഹത്തിന്റെ കമ്പ്യൂട്ടറിൽ നേരിട്ട് ഇ-സ്റ്റാമ്പ് ലഭിക്കുകയും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപ വരെയുള്ള ഇ-സ്റ്റാമ്പുകൾ അംഗീകൃത് സ്റ്റാമ്പ് വെണ്ടർ മുഖേന മാത്രമെ ലഭിക്കുകയുള്ളൂ.

**28.ഇ-സ്റ്റാമ്പിംഗ് ഓപ്ഷണൽ ആണോ? തുടർന്നും മുദ്രപത്രങ്ങൾ ലഭിക്കുമോ?**

നിലവിൽ സ്റ്റാമ്പ് വെണ്ടർമാരുടെ കൈവശമുള്ള മുദ്രപത്രങ്ങളുടെ സ്റ്റോക്ക് തീരുന്നതുവരെ മുദ്രപത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**29.ഇ-സ്റ്റാമ്പിൽ ട്രഷറി മുദ്രയും തിയ്യതിയും രേഖപ്പെടുത്തേണ്ടതുണ്ടോ?**

ട്രഷറി മുദ്ര ആവശ്യമില്ല. സ്റ്റാമ്പ് വാങ്ങിയ തിയ്യതി സ്റ്റാമ്പിൽ തന്നെ രേഖപ്പെടുത്തി വരുന്നതാണ്.

**30.ഒട്ടുമുദ്ര ഉപയോഗിക്കേണ്ട കരണങ്ങൾക്കും ഇ-സ്റ്റാമ്പ് ഉപയോഗിക്കാവുന്നതാണോ?**

ഉപയോഗിക്കാവുന്നതാണ്.

**31. ഇപ്പോൾ മിക്ക ആധാരങ്ങളിലും അടുത്ത നൂറിന്റെ ഗുണിതങ്ങളായിട്ടുള്ള മുദ്ര ച്ചുമത്തിയാണ് പൊതുവെ ആധാരം ഹാജരാക്കുന്നത്. എന്നാൽ ഒരു ആധാരം രജിസ്റ്റർ ചെയ്യാനാവശ്യമായ തുകക്കുള്ള ഒറ്റ മുദ്രപത്രമാണ് ലഭിക്കുന്നതെങ്കിൽ ഖജനാവിലേക്ക് ഓരോ ആധാരപ്രകാരവും ലഭിക്കുന്ന ചെറിയ തുകക്കുള്ള അധിക വരുമാനം നഷ്ടമാകില്ലേ?**

ചെറിയ തുകക്കുള്ള മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് കൊണ്ടാണ് ജനങ്ങൾക്ക് നൂറിന്റെ ഗുണിതങ്ങളായി മുദ്രവില കൊടുക്കേണ്ടിവരുന്നത്. ജനങ്ങൾക്കുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള അവസരമാണ് യഥാർത്ഥത്തിൽ ഇ-സ്റ്റാമ്പ്. ഇതുമൂലം സർക്കാരിന് ലഭിക്കാൻ അർഹതയുള്ള തുകയിൽ യാതൊരു കുറവും സംഭവിക്കുകയില്ല.